**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 125** **29-09-2025 - ൽ മറുപടിയ്ക്ക്**

**കേര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയിലെ നവീകരണത്തിനായി നടപ്പാക്കുന്ന കേര പദ്ധതിക്കായി ലോകബാങ്കിന്റെ സഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ലോകബാങ്ക് ധനസഹായത്തോടു കൂടി സംസ്ഥാനത്ത് നടപ്പാക്കുന്ന Kerala climate Resilient Agri Value Chain Modernisation (KERA) പദ്ധതിയ്ക്ക് 2023-24 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. അഞ്ചു വർഷത്തെ പദ്ധതി കാലയളവിൽ മൊത്തം പദ്ധതി ചെലവ് 285 ദശലക്ഷം ഡോളറാണ്. ആയതിൽ 200 ദശലക്ഷം ഡോളർ (70%) ലോകബാങ്ക് വിഹിതവും, 85 ദശലക്ഷം ഡോളർ (30%) സംസ്ഥാന വിഹിതവുമാണ്.<br><br>പദ്ധതിയ്ക്കായുള്ള ലോകബാങ്ക് വിഹിത ത്തിന്റെ ആദ്യഗഡുവായ 139.6549 കോടി രൂപ പദ്ധതി ശീർഷകത്തിൽ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. |
| (ബി) | കേര പദ്ധതി നടപ്പാക്കാൻ ലോകബാങ്ക് നൽകിയ തുക വകമാറ്റി ചെലവാക്കിയെന്നത് വസ്തുതയാണോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | അല്ല. പദ്ധതിയ്ക്ക് ലഭിച്ച തുക പദ്ധതിയാവശ്യത്തിനു മാത്രമേ ചെലവിട്ടിട്ടുള്ളൂ. |
| (സി) | പ്രസ്തുത പദ്ധതി വേഗത്തിലാക്കാൻ എന്തെങ്കിലും ഇടപെടൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | പദ്ധതി നിർവഹണം വേഗത്തിൽ നടന്നു വരുന്നു. കേരള സർക്കാരും ലോകബാങ്കും തമ്മിലുള്ള ചർച്ച (Negotiation Meeting) 2024 ആഗസ്ത് 29-ന് പൂർത്തിയായി. പദ്ധതിയുടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ലോക ബാങ്കിന്റെ ബോർഡ് അംഗീകാരം 2024 ഒക്ടോബർ 31-ന് ലഭിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തുടർന്ന് പദ്ധതി ധാരണാപത്രം ഒപ്പു വെയ്ക്കുകയും സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, 3 റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ, 4 പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ എന്നിവ രൂപീകരിക്കുകയും ചെയ്തു. പദ്ധതിയുടെ പ്രാരംഭ |

പ്രവർത്തനങ്ങൾ 2025 ഏപ്രിലിൽ ആരംഭിച്ചു. പദ്ധതി പ്രവർത്തനങ്ങൾ 2029 നവംബറിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. 23.09.2025-ന് കേരളത്തിലെത്തിയ ലോകബാങ്ക് പ്രതിനിധി സംഘം കേര പദ്ധതിയുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുകയും പുരോഗതിയിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഏകദേശം 4 ലക്ഷം കർഷകർക്കു നേരിട്ടും 10 ലക്ഷം കർഷകർക്ക് പരോക്ഷമായും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- പദ്ധതിയുടെ കീഴിലുള്ള എല്ലാ നിർവ്വഹണ യൂണിറ്റുകളുമായും പദ്ധതി സഹായ ഏജൻസികളുമായുമുള്ള ധാരണാപത്രങ്ങളും വിവിധ കൺസൾട്ടൻസികളുമായുള്ള കരാറുകളും ഒപ്പിട്ടു.
- എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥർക്കായി ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നു.
- കാലാവസ്ഥാ വ്യതിയാന പ്രതിരോധ ശേഷിയുള്ള കൃഷിരീതികൾ (Climate Resilient Agricultural Practices) വ്യാപിപ്പിക്കുന്നതിനായി കാർഷിക സർവകലശാലയുടെ ത്രൈമാസ കർമ്മ പദ്ധതി അംഗീകരിക്കുകയും ഫീൽഡ് തല ട്രയലുകൾ ആരംഭിക്കുകയും ചെയ്തു.
- കർഷക ഉൽപ്പാദക കമ്പനികളെയും (Farmer Producer Company) അഗ്രി ബിസിനസ്സുകളെയും യോജിപ്പിക്കുന്ന ഉൽപ്പാദക സഖ്യങ്ങൾ (Productive Alliance) രൂപീകരിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഉൽപ്പാദക സഖ്യങ്ങൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുവാനുള്ള പോർട്ടൽ പ്രവർത്തനക്ഷമമായിട്ടുണ്ട്.
- കേര ഫീൽഡ് ഓഫീസർമാരായി 31 പേരെ റബ്ബർ ബോർഡിന്റെ റീജിയണൽ ഓഫീസുകളിൽ നിയമിച്ചിട്ടുണ്ട്.
- റബ്ബർ കർഷകർക്ക് പുനർനടീൽ ധനസഹായം നൽകുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- വ്യവസായ വാണിജ്യ വകുപ്പ്, കേരള സ്റ്റാർട്ട് അപ്പ് മിഷൻ, കിൻഫ്ര എന്നിവയുമായി ധാരണാപത്രങ്ങൾ ഒപ്പിട്ടു.

| | | | |
|---|---|---|---|
| | | | • അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രം, ജലവിഭവ വികസന വിനിയോഗ കേന്ദ്രം കോഴിക്കോട് എന്നിവരുമായി കരാറുകൾ ഒപ്പിട്ടു.<br>• റബർ ബോർഡ്, സ്പൈസസ് ബോർഡ്, കോഫീ ബോർഡ് എന്നിവയുമായി ധാരണാപത്രങ്ങൾ ഒപ്പിട്ടു.<br><br>പുനർനടീൽ ധനസഹായത്തിനായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള പോർട്ടൽ വികസിപ്പിക്കുന്നതിനായി കെൽട്രോണുമായി ധാരണാപത്രം ഒപ്പിട്ടു. |

സെക്ഷൻ ഓഫീസർ